©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 9 / Vol. IX

തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday

2020 ആഗസ്റ്റ് 4 / 4th August 2020
1195 കർക്കടകം 20 / 20th Karkadakam 1195
1942 ശ്രാവണം 13 / 13th Sravana 1942

നമ്പർ / No. 31

# PART III
# Labour Department

നോട്ടീസ്

(1)

നമ്പർ ബി-36/2020. 2020 ജൂൺ 8.

ശ്രീ. ജോസ്, വലിയകുളത്തിൽ ഹൗസ്, രാജകുമാരി കര, രാജകുമാരി വില്ലേജ് എന്നയാളുടെ കീഴിൽ ജോലിനോക്കി വരവെ ജോലിക്കിടയിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ ശ്രീ. ഷിബു, കണിയാട്ട് ഹൗസ്, രാജകുമാരി വില്ലേജ്, ഇടുക്കി ജില്ല എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ₹ 11,28,456 (പതിനൊന്ന് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി നാന്നൂറ്റി അമ്പത്തിയാറ് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്ട് 1923-ലെ 2(1) ഡി വകുപ്പിൽ നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി (1) ശ്രീമതി ബീനാ ഷിബു (ഭാര്യ), കണിയാട്ട് ഹൗസ്, രാജകുമാരി നോർത്ത്, രാജകുമാരി, ഇടുക്കി ജില്ല, പിൻ-685 619 (2) ശ്രീ. സെബിൻ കെ. ഷിബു (മകൻ), കണിയാട്ട് ഹൗസ്, രാജകുമാരി നോർത്ത്, രാജകുമാരി, ഇടുക്കി ജില്ല, പിൻ-685 619 (3) ശ്രീമതി ലീലാമ്മ ഡാനിയൽ (മാതാവ്), കണിയാട്ട് ഹൗസ്, രാജകുമാരി നോർത്ത്, രാജകുമാരി, ഇടുക്കി ജില്ല, പിൻ-685 619 എന്നിവർ മാത്രമേ ഉള്ളൂവെന്ന് ശാന്തമ്പാറ അസിസ്റ്റന്റ് ലേബർ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ബി-48/2020. 2020 ജൂൺ 23.

ശ്രീ. റ്റോമി s/o മാത്യു, കിഴക്കേടത്ത് ഹൗസ്, നമ്പർ 234/3, കഞ്ഞിക്കുഴി പി. ഒ., തൊടുപുഴ താലൂക്ക് എന്നയാളുടെ കീഴിൽ ജോലിനോക്കി വരവെ ജോലിക്കിടയിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ ശ്രീ. സലിം @ സലി, പുളിമൂട്ടിൽ ഹൗസ്, കീരിത്തോട് പി. ഒ., ഇടുക്കി ജില്ല എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ₹ 7,18,472 (ഏഴ് ലക്ഷത്തി പതിനെണ്ണായിരത്തി നാന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവെച്ചിട്ടുണ്ട്.

തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്ട് 1923-ലെ 2(1) ഡി വകുപ്പിൽ നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി (1) ശ്രീമതി അനിതാ സലിം @ ആലീസ്, എം. (ഭാര്യ), പുളിമൂട്ടിൽ ഹൗസ്, കീരിത്തോട് പി. ഒ., കഞ്ഞിക്കുഴി, തൊടുപുഴ, ഇടുക്കി ജില്ല (2) ശ്രീമതി രമ്യ, പി. എസ്. (മകൾ), പുളിമൂട്ടിൽ ഹൗസ്, കീരിത്തോട് പി. ഒ., കഞ്ഞിക്കുഴി, തൊടുപുഴ, ഇടുക്കി ജില്ല (ശ്രീമതി രമ്യ, പി. എസ്. w/o ജയ്മോൻ, റ്റി. വി., തുരത്തേൽ ഹൗസ്, 200 ഏക്കർ പി. ഒ., അടിമാലി, എന്നിവർ മാത്രമേ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, തൊടുപുഴ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ
ട്രൈബ്യൂണലിന്റെ
കാര്യാലയം, ഇടുക്കി, (ഒപ്പ്)
പീരുമേട്. എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.